പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :5631 24/05/2017-ൽ മറുപടിക്ക്

## ഹൃദ്രോഗവും ഹൃദയാഘാതവും മൂലം മരണപ്പെടുന്നവരുടെ എണ്ണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എസ്.ശബരീനാഥൻ | | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| (എ) | ഹൃദ്രോഗവും ഹൃദയാഘാതവും മൂലം മരണപ്പെടുന്നത് നിയന്ത്രിക്കാൻ എന്ത് നടപടികളാണ് എടുത്തിട്ടുള്ളത്; ഹൃദ്രോഗ ബാധയുമായി എത്തുന്ന രോഗികൾക്ക് ആശുപത്രികളിൽ എന്ത് അടിയന്തിര പരിശോധനകളാണ് ആദ്യം നൽകുന്നത്; ഇതിനായി എന്തെല്ലാം സംവിധാനങ്ങളാണ് ആശുപത്രികളിൽ നിലവിൽ ഉള്ളത്; | (എ) | ജീവിതശൈലി രോഗങ്ങൾ നിയന്ത്രിക്കുന്നതിനും നിർണ്ണയിക്കുന്നതിനും ചികിത്സിക്കുന്നതിനും ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള എല്ലാ സ്ഥാപനങ്ങളിലും ജീവിതശൈലി രോഗനിർണ്ണയ നിയന്ത്രണ പദ്ധതി നിലവിലുണ്ട്. ജില്ലാ/ ജനറൽ/താലൂക്ക് ആശുപത്രികളിൽ ഹൃദ്രോഗനിർണ്ണയത്തിന് പ്രാഥമിക ചികിത്സാ സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. തെരഞ്ഞെടുത്ത ആശുപത്രികളിൽ കോറോണറി കെയർ യൂണിറ്റും കാത്ത് ലാബുകളും പ്രവർത്തിച്ചു വരുന്നു.<br>ഹൃദ്രോഗ ലക്ഷണങ്ങളുമായി വരുന്ന രോഗിയ്ക്ക് ഇ.സി.ജി പരിശോധനയും, ട്രോപ്.റ്റി പരിശോധനയും ആണ് അടിയന്തിരമായി നടത്തേണ്ടത്. ആരോഗ്യ വകുപ്പിന് കീഴിലുള്ള മിക്ക ആശുപത്രികളിലും ഇ.സി.ജി സംവിധാനം ഒരുക്കിയിട്ടുണ്ട്.<br>മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള മെഡിക്കൽ കോളേജുകളിൽ ഹൃദ്രോഗവും ഹൃദയാഘാതവുമായി എത്തുന്ന രോഗികൾക്ക് അടിയന്തിരമായി ഇ.സി.ജി പരിശോധന ലഭ്യമാക്കുന്നു. ഇതിനായി 3 ഷിഫ്റ്റുകളിലായി ഇ.സി.ജി ടെക്നീഷ്യൻമാർ ജോലി നോക്കുന്നു. അടിയന്തിര ഘട്ടങ്ങളിൽ ആൻജിയോഗ്രാം പരിശോധനയും ആൻജിയോപ്ലാസ്റ്റി ചികിത്സയും നൽകി വരുന്നു. രക്തത്തിലെ ബ്ലഡ് ക്ളോട്ട് |

| | | | |
|---|---|---|---|
| | | | അലിയിക്കുന്നതിനായി ത്രോംബോലൈസിസ് ചികിത്സയും നൽകി വരുന്നു. തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ ഇതിനുള്ള എല്ലാ സൗകര്യവുമുണ്ട്. |
| (ബി) | ഹൃദയാഘാതം ഉൾപ്പെടെയുള്ള ഹൃദ്രോഗങ്ങൾക്ക് ഇ.സി.ജി (ഇലക്ട്രോ കാർഡിയോ ഗ്രാഫ്) എടുക്കുന്നതിന് എല്ലാ ആശുപത്രികളിലും സൗകര്യം ഉണ്ടോ; ഇ.സി.ജി എടുക്കുന്നത് ആരാണ്; | (ബി) | ഇ.സി.ജി. സൗകര്യം എല്ലാ ജില്ലാ/ ജനറൽ/താലൂക്ക് ആശുപത്രികളിലും ലഭ്യമാണ്. മിക്ക സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും, ഏതാനും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ഈ സൗകര്യം ലഭ്യമാണ്. ഇ.സി.ജി എടുക്കുന്നത് ഇ.സി.ജി ടെക്നീഷ്യൻ ആണ്. സ്ഥിരമായി ഇ.സി.ജി ടെക്നീഷ്യൻ ഇല്ലാത്ത ആശുപത്രികളിൽ എച്ച്.എം.സി മുഖേന കരാർ വ്യവസ്ഥയിൽ ടെക്നീഷ്യന്മാരെ നിയമിക്കാറുണ്ട്. പാരാമെഡിക്കൽ ജീവനക്കാർക്ക് പ്രത്യേക പരിശീലനം നൽകി ഇ.സി.ജി എടുക്കുന്നതിനായി ചില ആശുപത്രികളിൽ നിയോഗിക്കാറുണ്ട്.<br>മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള മെഡിക്കൽ കോളേജുകളിലും ഇ.സി.ജി എടുക്കുന്നതിന് സൗകര്യമുണ്ട്. |
| (സി) | ഇ.സി.ജി എടുക്കുന്ന ടെക്നീഷ്യന്മാരുടെ സ്ഥിരം തസ്തിക ഉള്ള ആശുപത്രികളുടെ ജില്ല തിരിച്ചുള്ള കണക്ക് നൽകാമോ; സ്ഥിരം തസ്തിക ഇല്ലാത്ത ആശുപത്രികളിൽ ഈ ജോലി മറ്റുള്ളവർ എന്ത് യോഗ്യതയുടെ അടിസ്ഥാനത്തിലാണ് ചെയ്യുന്നത്; ഇവരുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (സി) | ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിലെ ഇ.സി.ജി ടെക്നീഷ്യൻമാരുടെ സ്ഥിരം തസ്തികയുള്ള ആശുപത്രികളുടെ വിശദ വിവരം അനുബന്ധം ആയി ചേർക്കുന്നു.<br>മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ഇ.സി.ജി ടെക്നീഷ്യന്മാരുടെ സ്ഥിരം തസ്തികയുള്ള മെഡിക്കൽ കോളേജുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>1. തിരുവനന്തപുരം<br>2. ആലപ്പുഴ<br>3. കോട്ടയം<br>4. തൃശ്ശൂർ<br>5. കോഴിക്കോട്<br>6. മഞ്ചേരി<br>7. കൊല്ലം<br>8. ഇടുക്കി<br>9. എറണാകുളം |
| (ഡി) | ഇ.സി.ജി ടെക്നീഷ്യന്മാരുടെ സ്ഥിരം തസ്തിക എല്ലാ സർക്കാർ ആശുപത്രികളിലും ഇല്ലെന്നുള്ളത് | (ഡി) | ഉണ്ട്. ഇ.സി.ജി ടെക്നീഷ്യൻ ഇല്ലാത്ത ആശുപത്രികളിൽ എച്ച്.എം.സി മുഖേന കരാർ |

| | | | |
|---|---|---|---|
| | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവരുടെ സേവനം ലഭിക്കാത്ത ആശുപത്രികളിലും മുഴുവൻ സേവനം ലഭിക്കാത്തതിനാലും രോഗികളെ വളരെ ദൂരെയുള്ള മറ്റ് ആശുപത്രികളിൽ റഫർ ചെയ്യുന്നതിനാൽ മരണം സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ തസ്തികയിൽ കാലോചിതമായി ആവശ്യം വേണ്ട അധിക തസ്തികകൾ അനുവദിക്കണമെന്ന ആരോഗ്യ വകുപ്പിന്റെ നിർദ്ദേശം അടിയന്തരമായി പരിഗണിക്കുമോ? | | വ്യവസ്ഥയിൽ ടെക്നീഷ്യന്മാരെ നിയമിക്കുകയോ, പാരാമെഡിക്കൽ ജീവനക്കാർക്ക് പ്രത്യേക പരിശീലനം നൽകി ഇ.സി.ജി എടുക്കാൻ നിയോഗിക്കുകയോ ചെയ്യുന്നതിലൂടെ വളരെയേറെ പ്രധാനപ്പെട്ട ഈ പരിശോധന മുടങ്ങാതിരിക്കാൻ ആരോഗ്യ കേന്ദ്രങ്ങൾ ശ്രദ്ധ ചെലുത്താറുണ്ട് എന്നാൽ സമയബന്ധിതമായ ചികിത്സ ലഭിക്കാതിരുന്നാൽ മരണം സംഭവിക്കുന്നതിന് കാരണമാകാവുന്നതാണ്.<br>ആധുനിക സൗകര്യങ്ങളോടുകൂടിയ കോറോണറി കെയർ യൂണിറ്റ്, പരിശീലനം ലഭിച്ച ഡോക്ടർമാരും, നേഴ്സുമാരും, തടസ്സരഹിതമായ മരുന്നു ലഭ്യത. സമയബന്ധിതമായ ആംബുലൻസ് സേവനം എന്നീ ഘടകങ്ങളാണ് ഹൃദ്രോഗത്തിന്റെ മരണ നിരക്ക് നിശ്ചയിക്കുന്നത്.<br>ഇ.സി.ജി ടെക്നീഷ്യൻ തസ്തികയിൽ കാലോചിതമായി ആവശ്യം വേണ്ട അധിക തസ്തികകൾ അനുവദിക്കണമെന്ന ആരോഗ്യ വകുപ്പിന്റെ നിർദ്ദേശം സർക്കാർ പരിഗണനയിലാണ്. |

**സെക്ഷൻ ആഫീസർ**

# അനുബന്ധം

**തിരുവനന്തപുരം -2**

1. ജനറൽ ആശുപത്രി, തിരുവനന്തപുരം - 1
2. സെൻട്രൽ ജയിൽ, പൂജപ്പുര - 1

**പത്തനംതിട്ട - 3**

1. ജനറൽ ആശുപത്രി, കോഴഞ്ചേരി - 2
2. ജനറൽ ആശുപത്രി, അടൂർ - 1

**ആലപ്പുഴ - 11**

1. ജനറൽ ആശുപത്രി, ആലപ്പുഴ - 2
2. ജനറൽ ആശുപത്രി, മാവേലിക്കര - 2
3. താലൂക്ക് ആശുപത്രി, ചേർത്തല - 2
4. താലൂക്ക് ആശുപത്രി, ഹരിപ്പാട് - 2
5. ഡബ്ല്യു & സി. ആലപ്പുഴ - 1
6. താലൂക്ക് ആശുപത്രി, ചെങ്ങന്നൂർ - 1
7. താലൂക്ക് ആശുപത്രി, കായംകുളം - 1

**കോട്ടയം - 4**

1. ജനറൽ ആശുപത്രി, ചങ്ങനാശ്ശേരി - 2
2. ജനറൽ ആശുപത്രി, പാലാ - 1
3. താലൂക്ക് ആശുപത്രി, പാമ്പാടി - 1

**ഇടുക്കി -1**

1. ജില്ലാ ആശുപത്രി , തൊടുപുഴ - 1

**എറണാകുളം - 3**

1. ജനറൽ ആശുപത്രി, മൂവാറ്റുപുഴ - 2
2. താലൂക്ക് ആശുപത്രി, പെരുമ്പാവൂർ - 1

**പാലക്കാട്- 2**

1. ജില്ലാ ആശുപത്രി , പാലക്കാട് - 1
2. താലൂക്ക് ആശുപത്രി, ഒറ്റപ്പാലം - 1

**മലപ്പുറം - 3**

ജില്ലാ ആശുപത്രി - 2
ജനറൽ ആശുപത്രി, മഞ്ചേരി - 1

**കോഴിക്കോട് - 2**
സർക്കാർ ജില്ലാ ആശുപത്രി- 1

**കണ്ണൂർ - 3**
ജനറൽ ആശുപത്രി, തലശ്ശേരി - 2
ഡബ്ല്യു & സി. മാങ്ങാട്ടുപറമ്പ് - 1